# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

**ഹാജർ :– കെ.എം. ദേവിക, ന്യായാധികാരി**

തീയതി : 2026 ഫെബ്രുവരി 23, തിങ്കൾ
4 ഫാൽഗുനം 1947)

**സി.എം.പി.1/2026 (എം.സി. 7/2024)**

| | | |
|---|---|---|
| ഹർജിക്കാരൻ | : | സന്ധ്യാമോൾ.വി.ജി , D/o.ഗോപിനാഥൻ , വാളയക്കോട്ട് വീട്, കരിപ്പാടം പി.ഒ. വെള്ളൂർ വില്ലേജ് വൈക്കം താലൂക്ക്, കോട്ടയം ഡിസ്ട്രിക്ട്. |
| പ്രതിനിധീകരിക്കുന്നത് | : | അഭിഭാഷകൻ :പി.കെ.സുരേഷ്ബാബു |
| എതിർകക്ഷികൾ | 1. | രാജേഷ് ആർ , S/o.രാജപ്പൻ, അരങ്കത്താനത്ത് ഹൗസ്, ഇടവട്ടം കരയിൽ, മറവന്തുരുത് പി.ഒ, കുലശേഖരമംഗലം വില്ലജ്, വൈക്കം താലൂക്ക്. |
| | 2. | ഉഷ , W/o. രാജപ്പൻ, അരങ്കത്താനത്ത് ഹൗസ്, ഇടവട്ടം കരയിൽ, മറവന്തുരുത് പി.ഒ, കുലശേഖരമംഗലം വില്ലജ്, വൈക്കം താലൂക്ക്. |
| | 3. | ജിഷ, D/o.രാജപ്പൻ, അരങ്കത്താനത്ത് ഹൗസ്, ഇടവട്ടം കരയിൽ, മറവന്തുരുത് പി.ഒ, കുലശേഖരമംഗലം വില്ലജ്, വൈക്കം താലൂക്ക്. |

GRAM NYAYALAYA ഗ്രാമ ന്യായാലയ VAIKOM, NANADAM - 686 143

| | | |
|---|---|---|
| പ്രതിനിധീകരിക്കുന്നത് | | അഭിഭാഷകൻ : ബിജ്ജ ടി.എസ് |
| വകുപ്പ് | : | പ്രധാന ഹർജി ഭേദഗതി ചെയ്യുന്നതിന് ഹർജി |
| നിവൃത്തി | : | ഹർജി തള്ളി ഉത്തരവാകുന്നു. |

ഈ ഹർജി 19.02.2026 ന് കേൾക്കുകയും 23.02.2026-ാം തീയതി ഈ കോടതി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

## ഉത്തരവ്

ടി ഹർജി ആക്ഷേപം പ്രധാന ഹർജി വരുത്തുന്നതിന് വേണ്ടി ഫയൽ ചെയ്തിരിക്കുന്നതാണ്.

2. ഹർജി ചുരുക്കം :- ഹർജി തയ്യാറാക്കിയ സമയം അഭിഭാഷക ക്ലർക്കിന്റെ പിശക് മൂലം ഹർജിയുടെ ഏഴാം പേജിൽ രണ്ടാം ഖണ്ഡികക്ക് മുകളിൽ പ്രിന്റ് ചെയ്തിരുന്ന ഒരു ഖണ്ഡിക ഡിലീറ്റ് ആയിപോയിട്ടുള്ളതാണ്. ആയത് മനഃപൂർവ്വമായ വീഴ്ചയോ ഉദാസീനതയോ അല്ല. ആയതിനാൽ ടി കേസിന്റെ നീതിയുക്തമായ തീർപ്പിന് ഹർജി അനുവദിച്ച് " ഹർജിക്കാരിയും വീട്ടുകാരും ബന്ധുക്കളും സമീപവാസികളും പല തവണ ഒന്നാം എതൃഹർജിക്കാരനെയും അവരുടെ ബന്ധുക്കളെയും നേരിട്ട് ബന്ധപ്പെട്ട സംസാരിച്ചിട്ടും ഹർജിക്കാരിയെ കൂട്ടികൊണ്ടുപോകുന്നതിനു നാളിതുവരെ എതൃഹർജിക്കാർ തയ്യാറായിട്ടില്ലാത്തതുമാകുന്നു. ഹർജിക്കാരി ഇപ്പോഴും ഒന്നാം എതൃഹർജിക്കാരനോടൊപ്പം ഭാര്യാഭർത്താക്കന്മാരായി ഒന്നാം എതൃഹർജിക്കാരന്റെ വീട്ടിൽ ഒന്നാം എതൃഹർജിക്കാരനോടൊപ്പം താമസിക്കുന്നതിന് തയ്യാറാണ്. ഹർജിക്കാരി 2024 ഫെബ്രുവരി മാസം 11-ാം

VAIKOM, NANADAM - 686 143

തീയ്യതി എതൃഹർജിക്കാരെ നേരിട്ട് കണ്ട് ഒന്നാം എതൃഹർജിക്കാരന്റെ വീട്ടിലേക്കു വന്നു താമസിക്കുന്നതിന് തയ്യാറാണ് എന്ന് പറഞ്ഞ സമയം ഹർജിക്കാരിയെ എതൃഹർജിക്കാർ അറപ്പും വെറുപ്പും ഉളവാക്കും വിധം തലയോലപ്പറമ്പിൽ വച്ച് പരസ്യമായി അസഭ്യം വിളിച്ച മാനസികമായി പീഡിപ്പിച്ച മനോവിഷമപ്പെടുത്തിയിട്ടുള്ളതാണ്" എന്നത് കൂട്ടിച്ചേർക്കണം എന്ന് അപേക്ഷിച്ചുകൊണ്ടാണ് ഹർജി സമർപ്പിച്ചിരിക്കുന്നത്.

3. <u>ആക്ഷേപത്തിന്റെ ചുരുക്കം</u> :- ഹർജിക്കാരി കോടതിയെ തെറ്റിദ്ധരിപ്പിക്കുന്നതിനും യഥാർഥ വസ്തുതകൾ വളച്ചൊടിക്കുന്നതിനും വേണ്ടിയാണു ഹർജി സമർപ്പിച്ചിട്ടുള്ളത്. ഹർജിക്കാരിയെ കോടതിയിൽ വിസ്തരിച്ചതിനു ശേഷമാണു ഹർജിക്കാരി ഇപ്രകാരമൊരു ഹർജിയുമായി കോടതിയെ സമീപിച്ചിട്ടുള്ളത്. കോടതി മുമ്പാകെ വിസ്താര സമയത്തു ഹർജിക്കാരി നൽകിയ മൊഴിയിൽ 07.09.2019നു ശേഷം ഹർജിക്കാരി എതൃകക്ഷികളെ കാണുകയോ ബന്ധപ്പെടുകയോ ഒന്നും തന്നെ ചെയ്തിട്ടില്ല എന്നും കൂടാതെ എതിർ വിസ്താര സമയത്തു ഹർജിക്കാരി ഒന്നാം എതൃകക്ഷിയോടപ്പം ഭാര്യാഭർത്താക്കന്മാരായി താമസിക്കുവാൻ താല്പര്യമുണ്ടോ അതുമായി ബന്ധപ്പെട്ടു എന്തെങ്കിലും സംസാരങ്ങൾ ഒന്നും നടത്തിയിട്ടില്ലല്ലോ എന്നും അങ്ങനെ എന്തെങ്കിലും നീക്കങ്ങൾ നടത്തിയിട്ടുള്ളതായി ഹർജിയിലോ സത്യവാങ്മൂലത്തിലോ കാണാൻ സാധിക്കില്ല എന്ന് പറഞ്ഞതിന് ശേഷമാണ് ഈ തിരുത്തൽ ഹർജിയിൽ പറയുന്ന കാര്യങ്ങൾ ക്ലർക്കിന്റെ അശ്രദ്ധ മൂലം ചേർക്കാൻ വിട്ടുപോയിട്ടുള്ളതാണ് എന്ന് കളവായി പ്രസ്താവന നടത്തി കോടതിയെ സമീപിച്ചിട്ടുള്ളത്. ഹർജിക്കാരി 07.09.2019 നു ശേഷം ഒരു സമയത്തും എതൃകക്ഷിയോടൊപ്പം താമസിക്കണമെന്നു ആവശ്യപ്പെടുകയോ മറ്റാരെങ്കിലും മുഖേന ആവശ്യപ്പെടുകയോ, ടി ഹർജിയിൽ പറയുന്നത് പോലെ 11.2.2024 തീയ്യതിയിൽ ഹർജിക്കാരിയെ എതൃകക്ഷികൾ തലയോലപ്പറമ്പിൽ വച്ച് കാണുകയോ എന്തെങ്കിലും സംസാരിക്കുകയോ

GRAM NYAYALAYA
VAIKOM, NANADAM - 686 143

ചെയ്തുവെന്ന സംഭവം ഉണ്ടായിട്ടില്ല എന്നും കേസിന്റെ ആവശ്യത്തിലേക്കായി ഹർജിക്കാരി ടി കാര്യങ്ങൾ കളവായി കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതാണെന്നു കണ്ട് ഹർജി തള്ളി ഉത്തരവുണ്ടാകണമെന്നു അപേക്ഷിച്ചുകൊണ്ടാണ് ആക്ഷേപം ഫയൽ ചെയ്തിരിക്കുന്നത്.

4. ഇരു ഭാഗവും വാദം കേട്ടു. രേഖകൾ പരിശോധിച്ചു.

5. സിവിൽ നടപടി നിയമം ഓർഡർ VI റൂൾ 17 ആണ് ഹർജി സംഗതികൾ ഭേദഗതി ചെയ്യുന്നതിനെ കുറിച്ച് പറയുന്നത്. ടി നിയമത്തിലെ proviso പ്രകാരം വിചാരണ ആരംഭിച്ചു കഴിഞ്ഞാൽ പ്രായോഗികമായ ശ്രദ്ധയും ജാഗ്രതയും (due diligence) പുലർത്തിയിട്ടും, വിചാരണാരംഭത്തിന് മുമ്പ് ആ കാര്യത്തെ ഉന്നയിക്കാൻ ആ പാർട്ടിക്കു സാധിച്ചില്ലെന്ന നിഗമനത്തിൽ കോടതി എത്തുന്നില്ലെങ്കിൽ ഈ ഹർജി അനുവദിക്കേണ്ടതില്ല എന്നാണ് പറയുന്നത് . അതായത് ഹർജിക്കാരിക്ക് ഹർജിയിൽ ഉന്നയിക്കുന്ന വസ്തുത വിചാരണക്ക് മുൻപ് വേണ്ടുന്ന ശ്രദ്ധയും ജാഗ്രതയും പുലർത്തിയിട്ടും ഉന്നയിക്കാൻ സാധിച്ചില്ല എന്ന് കോടതിയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇവിടെ ഈ ഹർജി ഫയൽ ചെയ്തിരിക്കുന്നത് ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചതിനു ശേഷമാണ് . ഹർജിക്കാരി ഫയൽ ചെയ്തിരിക്കുന്ന തെളിവ് സത്യവാങ്മൂലത്തിലും ഹർജിക്കാരി ഹർജിയിൽ കൂട്ടിച്ചേർക്കണമെന്നു പറയുന്ന ഒരു ഖണ്ഡിക പറഞ്ഞതായി കാണുന്നില്ല. മാത്രമല്ല ഹർജിക്കാരിയുടെ എതിർ വിസ്താര വേളയിൽ " 07.09.2019നു ശേഷം എതൃകക്ഷിയുടെ അടുത്ത് നിന്നും താങ്കൾക്ക് യാതൊരുവിധ ദ്രോഹങ്ങളും ഉണ്ടായി എന്ന് അന്യായത്തിലോ തെളിവ് സത്യവാങ്മൂലത്തിലോ പറഞ്ഞുകാണുന്നില്ല. ശരിയല്ലേ?" എന്ന് ചോദിക്കുമ്പോൾ ഹർജിക്കാരി "ശരിയാണ് അതിനു ശേഷം എതൃകക്ഷികളുമായി ബന്ധങ്ങൾ ഒന്നും ഉണ്ടായിട്ടില്ല ഭർത്താവ് ഫോൺ എടുക്കുകയൊന്നും ഉണ്ടായിരുന്നില്ല എന്നാണ് പറഞ്ഞു കാണുന്നത്."

GRAM NYAYALAYA

കൂടാതെ "ഒന്നാം എതൃകക്ഷിയോടൊപ്പം ഭാര്യാഭർത്താക്കന്മാരായി ജീവിക്കാൻ ആഗ്രഹമുണ്ട് എന്നോ എതൃകക്ഷികളുടെ വീട്ടിൽ താങ്കൾക്ക് താമസിക്കണമെന്നോ ആവശ്യപ്പെട്ടിട്ടില്ലല്ലോ" എന്ന് ചോദിക്കുമ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് ടിയാരി മറുപടി പറഞ്ഞതായി കാണുന്നത്. അങ്ങനെ ആവശ്യപ്പെട്ടതായി ഹർജിയിൽ കാണാൻ സാധിക്കില്ല എന്ന് എതൃകക്ഷി പറയുന്നുണ്ട്. ഹർജിക്കാരി ഹർജി ഭേദഗതി ചെയ്യുവാനായി കാണിക്കുന്ന കാരണം ക്ലർക്കിന്റെ അശ്രദ്ധ എന്നാണ്. അങ്ങനെ എങ്കിൽ തെളിവ് സത്യവാങ്മൂലത്തിലെങ്കിലും ഇപ്രകാരം ഒരു ഖണ്ഡിക ചേർത്തതായി കാണുമായിരുന്നു. എന്നാൽ ആ സമയത്തു പോലും ഇത്തരം ഒരു ഭേദഗതിക്ക് ഹർജി ഫയൽ ചെയ്യാതെ ഹർജിക്കാരിയെ വിസ്തരിച്ചതിനു ശേഷം മാത്രം ഫയൽ ചെയ്യുമ്പോൾ ആയത് തെളിവിലെ പോരായ്മകൾ നികത്താനുള്ള ശ്രമം ആയിട്ടാണ് കാണുവാൻ സാധിക്കുന്നത്.

6. ഹർജിക്കാരി ബഹു: സുപ്രീം കോടതിയുടെ Dinesh Goyal @ Pappu v. Suman Agarwal (Bindal), 2024 KHC 8391, ബഹു: കേരള ഹൈക്കോടതിയുടെ Belwin Raj v. Muttayyan (Died), 2025 KHC 350, David P. V. v. Annamma, 2025 KHC 51 എന്നീ വിധിന്യായങ്ങളെ വാദസമയത്ത് ആശ്രയിച്ചു. ബഹു: സുപ്രീം കോടതിയുടെ Dinesh Goyal @ Pappu v. Suman Agarwal (Bindal), 2024 KHC 8391 എന്ന വിധിന്യായത്തിൽ ഭേദഗതി ഹർജി പരിഗണിക്കുമ്പോൾ ഒരു ഉദാര സമീപനം ആയിരിക്കണം കോടതിയുടേത് എന്ന് പറയുന്നുണ്ട് എങ്കിലും എതൃകക്ഷിക്ക് അനീതി ഉണ്ടാകരുത് എന്നും നിവൃത്തി malafide, ആകരുത് എന്നും, നിയമം നിർണയിക്കുന്ന പരിധി ലംഘിക്കുന്ന തരത്തിൽ ആകരുത് എന്നും അത്തരം അപേക്ഷ അനുവദിക്കുന്നതിനുമുമ്പ്, കേസ് സംബന്ധിച്ച പാർട്ടിയുടെ പരമാവധി ശ്രമങ്ങൾ ഉണ്ടായിരുന്നിട്ടും, പ്രസ്തുത വിഷയം കോടതി മുമ്പാകെ കൊണ്ടുവരാൻ സാധിച്ചില്ല എന്ന് കോടതിക്ക്

GRAM NYAYALAYA
ഗ്രാമ ന്യായാലയ
വൈക്കം, നാനാടം - 686 143
VAIKOM NANADAM - 686 143

ബോധ്യപ്പെടണം എന്നും പറയുന്നുണ്ട്. ബഹു: കേരള ഹൈക്കോടതിയുടെ David P. V. v. Annamma, 2025 KHC 51 എന്ന വിധിന്യായത്തിലും കേസ് സംബന്ധിച്ച പാർട്ടിയുടെ പരമാവധി ശ്രമങ്ങൾ ഉണ്ടായിരുന്നിട്ടും, പ്രസ്തുത വിഷയം കോടതി മുമ്പാകെ കൊണ്ടുവരാൻ സാധിച്ചില്ല എന്ന് കോടതിക്ക് ബോധ്യപ്പെടണം എന്ന് പറയുന്നുണ്ട്. ബഹു: കേരള ഹൈക്കോടതിയുടെ Belwin Raj v. Muttayyan (Died), 2025 KHC 350, David P. V. v. Annamma, 2025 KHC 51 എന്ന വിധിന്യായത്തിൽ ഭേദഗതി ഹർജി പരിഗണിക്കുന്ന സമയത്തു limitation തർക്കവിഷയമായി വരുകയാണെങ്കിൽ അപേക്ഷിച്ച ഭേദഗതി അനുവദിച്ചതിനു ശേഷം ആ വിഷയത്തെ പരിഗണിക്കാവുന്നതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ ഇവിടെ ലിമിറ്റേഷൻ അല്ല തർക്കവിഷയമായി വരുന്നത്. മറിച്ച് ഹർജിക്കാരിക്ക് പരമാവധി സമയം ഉണ്ടായിരുന്നിട്ടും പ്രസ്തുത വിഷയം കോടതി മുൻപാകെ കൊണ്ടുവരാൻ സാധിക്കുമായിരുന്നോ എന്നതാണ്. ഈ കേസിലെ ഹർജിക്കാരിയുടെ തെളിവ് സത്യവാങ്മൂലം ഫയൽ ചെയ്തിരിക്കുന്നത് 12.01.2026 തീയ്യതിയാണ്. ഹർജിക്കാരിയെ കോടതി മുൻപാകെ വിസ്തരിച്ചിരിക്കുന്നതു 27.1.2026 തീയ്യതി മാത്രമാണ്. ഇപ്പോൾ കൂട്ടിച്ചേർക്കുവാൻ പറയുന്ന ഖണ്ഡിക ഹർജിയിൽ ഇല്ല എന്ന കാര്യം ടി തെളിവ് സത്യവാങ്മൂലം ഫയൽ ചെയ്യുന്ന സമയത്തോ അത് കഴിഞ്ഞു ഹർജിക്കാരിയെ വിസ്തരിക്കാൻ എടുത്ത സമയത്തിന് ഇടക്കോ കണ്ടെത്താവുന്നതിനുള്ള അവസരം ഹർജിക്കാരിക്ക് ഉണ്ടായിരുന്നിട്ടും ഹർജിക്കാരി ടിയാരിയെ വിസ്തരിച്ചതിന് ശേഷം മാത്രം ആണ് ഇത്തരം ഒരു ഹർജി ഫയൽ ചെയ്തിരിക്കുന്നത്. കൂടാതെ PW2 ആയി 2018 കാലഘട്ടത്തിൽ 3457 നമ്പർ വടകര നോർത്ത് SNDP ശാഖാ സെക്രട്ടറിയെ വിസ്തരിച്ചിട്ടുണ്ട്. ടിയാനോട് ഹർജിക്കാരിയും എതിർകക്ഷികളുമായിട്ടുള്ള പ്രശ്നത്തിൽ താങ്കൾ ഒരുകാലത്തും സംസാരിച്ചിട്ടില്ലല്ലോ എന്ന് ചോദിക്കുമ്പോൾ സംസാരിച്ചിട്ടുണ്ട് എന്ന് പറയുന്നുണ്ട് എങ്കിലും അങ്ങനെ സംസാരിച്ചു എന്ന് പറയുന്ന

GRAM NYAYALAYA ... WADAKARA ... 673 101

തീയ്യതികൾ താൻ ബോധിപ്പിച്ച സത്യവാങ്മൂലത്തിൽ പറയുന്നില്ല എന്നും പറയുന്നുണ്ട്. ഇങ്ങനെ കോടതി മുമ്പാകെ ഉള്ള വസ്തുതകൾ പരിശോധിക്കുമ്പോൾ ഹർജിക്കാരിയുടെ തെളിവിൽ വന്ന പോരായ്മകൾ നികത്താൻ ഉള്ള ശ്രമമായിട്ടാണ് ടി ഹർജി ബോധിപ്പിച്ചിട്ടുള്ളത് എന്നാണ് കോടതിക്ക് മനസിലാകുന്നത്. അത് കൊണ്ട് തന്നെ, ഈ ഹർജി അനുവദിക്കുകയാണെങ്കിൽ എതൃകക്ഷിക്ക് അത് prejudice ഉണ്ടാക്കും എന്നും കാണുന്നു. ആയതിനാൽ, ആയതിനാൽ ഹർജി തള്ളി ഉത്തരവാകുന്നു.

(ഇപ്രകാരം ഇത് ഞാൻ പറഞ്ഞുകൊടുത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ചുനോക്കി തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 ഫെബ്രുവരി മാസം 23 ന് ഉത്തരവ് പ്രസ്താപിച്ചിരിക്കുന്നു).

ഒപ്പ് /-
**കെ.എം. ദേവിക**
ന്യായാധികാരി
**ഗ്രാമ ന്യായാലയം, നാനാടം, വൈക്കം**

//ശരിപ്പകർപ്പ്//

ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

GRAM NYAYALAYA
ഗ്രാമ ന്യായാലയ
വൈക്കം, നാനാടം - 686 143.
VAIKOM, NANADAM - 686 143

ഉത്തരവ്

ശരിപ്പകർപ്പ്
സി. എം.പി. നമ്പർ
01/2026

എം.സി. നമ്പർ 07/2024

തീയതി: 23.02.2026